**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3923** **06-08-2021 - ൽ മറുപടിയ്ക്ക്**

**കരിവന്നൂർ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കുമായി 2016-2017 സാമ്പത്തിക വർഷത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നൂറ്റി എൺപത്തി അഞ്ച് കോടി രൂപ അനുവദിച്ചിരുന്ന കരിവന്നൂർ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയ്ക്ക് 185 കോടിയുടെ ധനസഹായ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചെങ്കിലും, പ്രവർത്തിക്കായി കണ്ടെത്തിയ സ്ഥലം 2018 ലെ വെള്ളപ്പൊക്കം മൂലം അനുയോജ്യമല്ല എന്ന് കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്കായി പുതിയ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പുതിയ സ്ഥലത്തിനനുസൃതമായി പുതുക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | പുതുക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ഭരണാനുമതി നൽകി കിഫ്ബി ധനസഹായം ഉറപ്പാക്കേണ്ടതുണ്ട്. ജലശുദ്ധീകരണ ശാലയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് രണ്ടു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പ്ലാന്റ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പ്ലാന്റ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള II (1) ഗസറ്റ് വിജ്ഞാപനം 15/01/02021 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലം എടുപ്പ് നടപടികൾ പുരോഗമിച്ച് വരുന്നു |
| (ഡി) | നിലവിൽ പ്രസ്തുത പദ്ധതിയിൽപ്പെട്ട ഏതെങ്കിലും നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ഡി) | നിലവിൽ പ്രസ്തുത പദ്ധതിയിൽപ്പെട്ട നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ